**"ഭരണഭാഷ – മാതൃഭാഷ"**

**നം:എൻ.എം.എ(1)-7757/2020/ഡി.ജി.ഇ**

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
**ജഗതി, തിരുവനന്തപുരം-695014**
**ഫോൺ:-0471-2580 548**
**ഇ-മെയിൽ:-supdtnma.dge@kerala.gov.in**
**തീയതി : 08/02/2022**

## പരിപത്രം

വിഷയം:- പൊതുവിദ്യാഭ്യാസം -സ്കൂൾ ഉച്ചഭക്ഷണ പദ്ധതി-2021-22- പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകളുടെ നിർമ്മാണം - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്

സൂചന :-

1. സർക്കാർ ഉത്തരവ് (സാധാ) നം. 1920/2021/പൊ.വി.വ തീയ്യതി:- 24.02.2021
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.03.2021 ലെ ഇതേ നമ്പർ നടപടി ഉത്തരവ്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.03.2021 ലെ ഇതേ നമ്പർ കത്ത്
4. സർക്കാർ ഉത്തരവ് (സാധാ) നം. 6127/2021/ഫിൻ തീയ്യതി:- 17.09.2021
5. സർക്കാർ ഉത്തരവ് (സാധാ) നം.4416/2021/പൊ.വി.വ തീയ്യതി:- 4.10.2021
6. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ 31.1.2022 ലെ ഇതേ നമ്പർ നടപടി ഉത്തരവ്

60:40 എന്ന അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ ചെലവഴിച്ച് കൊണ്ട് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന 2011 സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ നിർമ്മിക്കുന്നതിന് സൂചനകൾ (2), (6) പ്രകാരം ഫണ്ട് അലോട്ട് ചെയ്തിരുന്നു. കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള നാല് വ്യത്യസ്ത പ്ലിന്ത് ഏരിയകളിലാണ് പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ നിർമ്മിക്കേണ്ടത്. പ്ലിന്ത് ഏരിയകളും അവയിൽ നിർമിക്കേണ്ട യൂണിറ്റുകളുടെ യൂണിറ്റ് കോസ്റ്റും ചുവടെ പറയുന്നു.

| ക്രമ നമ്പർ | കുട്ടികളുടെ എണ്ണം | പ്ലിന്ത് ഏരിയ തരം | പ്ലിന്ത് ഏരിയ വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ ) | യൂണിറ്റ് കോസ്റ്റ്(രൂപയിൽ) |
|---|---|---|---|---|
| 1 | 1- 100 | I | 20 | 6,00,000 |
| 2 | 101-200 | II | 24 | 7,12,992 |
| 3 | 201-300 | III | 28 | 7,70,000 |
| 4 | 300 ന് മുകളിൽ | IV | 32 | 8,58,976 |

ആദ്യ മൂന്ന് പ്ലിന്ത് ഏരിയകളിൽ വരുന്ന പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്ലാനുകൾ (കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് മന്ത്രാലയം തയ്യാറാക്കിയത് ) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്ലിന്ത് ഏരിയ III ന്റെ പ്ലാൻ പാറ്റേണിൽ തന്നെ എന്നാൽ അളവുകളിൽ ആനുപാതിക വർദ്ധനവ് വരുത്തി 32 ചതുരശ്ര മീറ്റർ പ്ലിന്ത് ഏരിയ കിട്ടത്തക്ക വിധം പ്ലിന്ത് ഏരിയ IV ൽ വരുന്ന പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾക്ക് പ്ലാൻ തയ്യറാക്കാവുന്നതാണ്. മേൽപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ളത് മാൻഡേറ്ററി പ്ലിന്ത് ഏരിയകളാണ്. സ്കൂളുകൾക്ക്, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കൂടുതൽ വിസ്തൃതിയിൽ പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ നിർമ്മിക്കാവുന്നതാണ്.

സ്കൂൾ പി.ടി.എ കളുടെ നേതൃത്വത്തിൽ വാർഡ് മെമ്പർ,പി.ടി.എ ചെയർമാൻ, സ്കൂൾ പ്രഥമാദ്ധ്യാപകൻ, ഉച്ചഭക്ഷണ കമ്മിറ്റിയിലെ രണ്ട് അദ്ധ്യാപകർ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പൊതുമരാമത്ത് എഞ്ചിനീയർ തുടങ്ങിയവർ അംഗങ്ങളായ നിർമ്മാണ കമ്മിറ്റികൾ രൂപീകരിച്ച്

കൊണ്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനും 2022 മാർച്ച് 31 നുള്ളിൽ പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാനുമുള്ള നടപടികൾ ബന്ധപ്പെട്ട സ്കൂളുകൾ സ്വീകരിക്കേണ്ടതാണ്. ഇതോടൊപ്പം, 2022 ഏപ്രിൽ 30 നുള്ളിൽ അലോട്ട്മെന്റായി ലഭിച്ച തുക തീർപ്പാക്കുകയും കംപ്ലീഷൻ സർട്ടിഫിക്കറ്റ്,ധനവിനിയോഗ പത്രം എന്നിവ ഉപജില്ലാ കാര്യാലയങ്ങൾ മുഖാന്തിരം വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് സമർപ്പിക്കേണ്ടതുമാണ്.

ജില്ലകൾക്ക് അലോട്ട് ചെയ്ത തുകയുടെ ധനവിനിയോഗ പത്രം 2022 മെയ് 15 നുള്ളിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ നിർമ്മിക്കുമ്പോൾ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ സ്കൂളുകൾ കർശനമായി പാലിക്കേണ്ടതാണ്.

01. പാചകപ്പുര-കം-സ്റ്റോർ യൂണിറ്റിന്റെ മേൽക്കൂര റീ-ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ച് വേണം നിർമ്മിക്കേണ്ടത്.

02. പാചകപ്പുരയുടെയും സ്റ്റോർ മുറിയുടെയും ഫ്ളോറിങ് ഗ്രിപ്പുള്ളതും മികച്ച നിലവാരമുള്ളതുമായ ടൈൽ ഉപയോഗിച്ച് വേണം നടത്തേണ്ടത്.

03. കുട്ടികൾ ഭക്ഷണം കഴിക്കുവാൻ ഉപയോഗിക്കുന്ന പ്ലേറ്റുകൾ, വെള്ളം കുടിക്കുവാൻ ഉപയോഗിക്കുന്ന ഗ്ലാസ്സുകൾ എന്നിവ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് അടച്ചുറപ്പുള്ള ഷെൽഫുകൾ /ക്യാബിനറ്റുകൾ സ്റ്റോർ മുറിയിൽ സജ്ജീകരിക്കേണ്ടതാണ്.

04. പാചകപ്പുരയ്ക്ക് ഉള്ളിൽ പാചകവാതക സിലിണ്ടറുകൾ വയ്ക്കുന്ന രീതി ഒഴിവാക്കേണ്ടതാണ്. പകരം സിലിണ്ടറുകൾ സുരക്ഷിതമായി വയ്ക്കുന്നതിന് പാചകപ്പുരയുടെ പുറത്ത് പുറം ചുവരിനോട് ചേർന്ന് ഗ്യാസ് അടുപ്പുകളിൽ നിന്ന് കൃത്യമായ അകലത്തിൽ നല്ല വെന്റിലേഷനോടുകൂടി പ്രത്യേക ക്യാബിൻ/കമ്പാർട്ട്മെന്റ് നിർമ്മിക്കേണ്ടതും ഫയർ സേഫ്റ്റി മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് shut-off വാൽവുകൾ ഘടിപ്പിച്ച സ്ലീവ്ഡ് കോപ്പർ പൈപ്പുകൾ ഉപയോഗിച്ച് (joint വരാതെ) പാചകവാതക സിലിണ്ടറിനെ ഗ്യാസ് അടുപ്പുകളുമായി ബന്ധിപ്പിക്കേണ്ടതുമാണ്.

05. പാചകപ്പുരയിൽ exhaust ഫാൻ സ്ഥാപിക്കേണ്ടതാണ്.

06. പാചകപ്പുരയിൽ നിന്നുള്ള ഖര, ദ്രവ മാലിന്യങ്ങൾ, ഭക്ഷണാവശിഷ്ടങ്ങൾ എന്നിവ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തേണ്ടതാണ് . ഓർഗാനിക് വേസ്റ്റ് ട്രീറ്റ് ചെയ്യുന്നതിനായി മതിയായ ശേഷിയുള്ള ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കേണ്ടതാണ്. ടി പ്ലാന്റിൽ നിന്നും ലഭിക്കുന്ന manure സ്കൂൾ അടുക്കള പച്ചക്കറിത്തോട്ടത്തിന് വളമായും ഉത്പാദിപ്പിക്കുന്ന ബയോ-ഗ്യാസ് പാചകാവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതുമാണ്.

07. പാചകപ്പുരയുടെ മുൻവശത്തായി ഒരു റാംപ് സജ്ജീകരിക്കേണ്ടതാണ്.

പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി രണ്ടാഴ്ചയിലൊരിക്കൽ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാരും വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ സ്കൂളുകൾക്ക് നൽകേണ്ടതുമാണ്. നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്കനുസരിച്ചാണ് സ്കൂളുകളിൽ പാചകപ്പുര -കം-സ്റ്റോർ യൂണിറ്റുകളുടെ നിർമ്മാണ പ്രവൃത്തികൾ നടക്കുന്നതെന്നും സമയപരിധിക്കുള്ളിൽ ടി പ്രവർത്തികൾ പൂർത്തീകരിക്കുന്നുവെന്നും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

Signature Not Verified
Digitally signed by SANTHOSH C A
Date: 2022.02.08 12:29:30 IST
Reason: Approved
Location: ERNAKULAM

സി എ സന്തോഷ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

**സ്വീകർത്താവ്:**

01. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
02. എല്ലാ ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും
03. ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകർക്ക് ( വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ മുഖേന)

**പകർപ്പ്:**

01. സീനിയർ ഫിനാൻസ് ഓഫീസർ (സി.എ മുഖാന്തിരം), പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
02. ചീഫ് പ്ലാനിംഗ് ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
03. സൂപ്രണ്ട്, എൻ.എം.(ബി) സെക്ഷൻ
04. കരുതൽ ഫയൽ/ അധികം